LIBRARY ARCHIVES Kerala Legislative Assembly

ലക്ഷദ്വീപ് നിവാസികളുടെ പ്രശ്നം

97 (107) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലക്ഷദ്വീപുമായി കേരളത്തിനുള്ള വാണിജ്യ-സാംസ്കാരികബന്ധം കണക്കിലെടുത്ത് അവിടത്തെ സമകാലിക പ്രശ്നങ്ങളിൽ ഇടപെട്ട് ദ്വീപ് നിവാസികളുടെ ആശങ്ക അകറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്ററുടെ ഭാഗത്തുനിന്നുണ്ടാകുന്ന നടപടികളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിന്റെയും അവിടത്തെ ജനങ്ങളുടെയും സവിശേഷതകൾ സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം കേന്ദ്രസർക്കാരിനാണെന്നും ആയതുകൊണ്ടുതന്നെ അതിന് വെല്ലുവിളി ഉയർത്തുന്ന അഡ്മിനിസ്ട്രേറ്റർ അദ്ദേഹത്തിന്റെ ഉത്തരവാദിത്വങ്ങളിൽനിന്ന് നീക്കം ചെയ്യണമെന്നും അദ്ദേഹത്തിന്റെ വിവാദമായ മുഴുവൻ ഉത്തരവുകളും റദ്ദ് ചെയ്യണമെന്നും ലക്ഷദ്വീപുകാരുടെ ജീവനും ഉപജീവനമാർഗ്ഗങ്ങളും സാംസ്കാരികത്തനിമയും സംരക്ഷിക്കാൻ കേന്ദ്രസർക്കാർ അടിയന്തരമായി ഇടപെടണമെന്നും ആവശ്യപ്പെട്ട് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്രമേയം കേന്ദ്രസർക്കാരിലേയ്ക്ക് തുടർനടപടികൾക്കായി അയച്ചിട്ടുണ്ട്.

പൊതുവിതരണ രംഗം കാര്യക്ഷമമാക്കൽ

98 (109) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ രംഗത്തെ മായം ചേർക്കൽ, തൂക്കം വെട്ടിപ്പ് എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നതിനായി എഫ്.സി.ഐ.- യിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാര പരിശോധന എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോളർ ഉറപ്പുവരുത്തി ആയതിന്റെ സാമ്പിൾ പായ്ക്കറ്റ് സഹിതമാണ് NFSA ഗോഡൗണുകളിലേയ്ക്കും അവിടെനിന്ന് റേഷൻ കടകളിലേയ്ക്കും ലഭ്യമാക്കുന്നത്. സാമ്പിൾ പായ്ക്കറ്റിലുള്ള ഭക്ഷ്യധാന്യം തന്നെയാണ് ലഭിക്കുന്നതെന്ന് NFSA ഗോഡൗണുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും എ.ആർ.ഡി.-കളും ഉറപ്പുവരുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സപ്ലൈകോ ക്വാളിറ്റി അഷ്വറൻസ് ഓഫീസർ NFSA ഗോഡൗണുകളിലെ അരിയുടെ